എൻ.ആർ.ഇ.പി.-ആർ.എൻ.ഇ.ജി.പി. പദ്ധതിപ്രകാരം നിർമ്മിച്ച റോഡുകളുടെ അറ്റകുറ്റപ്പണി

21 (*544) ശ്രീ. ടി. പി. എം. സാഹീർ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രഹിം കുഞ്ഞ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ആർ. ഇ. പി. - ആർ. എൻ. ഇ. ജി. പി. പദ്ധതിപ്രകാരം നിർമ്മിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) പി.എം.ജി.എസ്.വൈ.ലോ എസ്.ജി.ആർ.വൈ.ലോ എന്തെങ്കിലും സ്കീം ഇതിന് വേണ്ടി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന വില്ലേജ് റോഡ് മെയിന്റനൻസ് പ്രോഗ്രാം അനുസരിച്ച് സംസ്ഥാനത്തെ നിലവിലുള്ള ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള സംവിധാനമുണ്ട്. ഗ്രാമപഞ്ചായത്തുകൾ വഴി ജില്ലാ കളക്ടർമാരാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ത്രിതല പഞ്ചായത്തുകൾക്ക് ഇത്തരം റോഡുകളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുക്കാവുന്നതാണ്.

(ബി) പി.എം.ജി.എസ്.വൈ. പൂർണ്ണമായും പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണ് എസ്.ജി.ആർ.വൈ. പദ്ധതിയനുസരിച്ച് ത്രിതല പഞ്ചായത്തുകൾക്ക് ലഭിക്കുന്ന വിഹിതത്തിന്റെ 15% ഗ്രാമീണ മേഖലകളിൽ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നിർമ്മിച്ചിട്ടുള്ള സാമൂഹ്യ ആസ്തികളുടെ പരിപാലനത്തിനായി നീക്കിവയ്ക്കാനുള്ള വ്യവസ്ഥ നിലവിലുണ്ട്.

എയ്ഡ്സ് പ്രതിരോധത്തിനായി സ്വീകരിച്ച നടപടികൾ

22 (*545) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കീഴിലുള്ള പ്രോജക്ടുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) ഈ പ്രോജക്ടുകളുടെ മേൽനോട്ടം ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും ആയതിനുള്ള ഫണ്ട് എവിടെനിന്നാണ് ലഭിക്കുന്നതെന്നും പ്രസ്തുത ഏജൻസിയുടെ പ്രധാന ചുമതലകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly